ആദരസൂചകമായി കെ.എസ്.എഫ്.ഇ.-യിൽ ആവിഷ്കരിച്ച ബ്രാൻഡഡ് ചിട്ടി പദ്ധതിയാണ് പ്രവാസി ബന്ധു ചിട്ടികൾ. വിദേശ മലയാളികളെ ലക്ഷ്യമിട്ട് 2007-08, 2008-09, 2009-10 തുടങ്ങിയ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ ഈ പദ്ധതി വൻ വിജയമായിരുന്നു. ഈ സാമ്പത്തിക വർഷം 1-12-2010-ൽ തുടങ്ങിയ പ്രസ്തുത പദ്ധതിയുടെ കാലാവധി 31-1-2011 വരെയാണ്.

(സി) കെ.എസ്.എഫ്.ഇ.-യിൽ കമ്പ്യൂട്ടർവൽക്കരണം ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു. ഇപ്പോൾ 186 ശാഖകൾ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായതിനുശേഷം ഇ-പേമെന്റ് സമ്പ്രദായം നടപ്പിൽ വരുത്തുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ രൂപീകരിച്ച കർമ്മസമിതിയുടെ പ്രവർത്തനം

118 (1704) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ രൂപീകരിച്ച കർമ്മസമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ കർമ്മസമിതിയുടെ പ്രവർത്തനം ആരംഭിച്ചത് എന്നു മുതലാണ് ;

(സി) പദ്ധതി ചെലവുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ ഇടപെടൽ നടത്താനാണ് ഈ പ്രത്യേക കർമ്മസമിതിക്ക് കഴിഞ്ഞിട്ടുള്ളത് ;

(ഡി) ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഈ കർമ്മസമിതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളത് ?

ഉത്തരം

(എ) എല്ലാമാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വകുപ്പു സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ കർമ്മസമിതിയുടെ പ്രവർത്തനം വിലയിരുത്തിവരുന്നുണ്ട്.

(ബി) 6-8-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 351/08 പ്രകാരം 6-8-2008 മുതൽ കർമ്മസമിതി (സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്) പ്രവർത്തനം ആരംഭിച്ചു. 22-8-2008-ൽ ആയിരുന്നു കർമ്മസമിതിയുടെ ആദ്യ മീറ്റിംഗ്.

(സി) ഒരേ വേദിയിൽ ബന്ധപ്പെട്ട സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും ഇരുന്ന് ചർച്ച ചെയ്യുന്നതിനാൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഹയർ ഭരണവകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്കും കൂടുതൽ വിശദീകരണത്തിനായി ഭരണ വകുപ്പിലേക്ക് വീണ്ടും വീണ്ടും അയയ്ക്കേണ്ടി വരുന്നില്ല. ഇത് ഭരണാനുമതിക്കുവേണ്ടിയുള്ള അനാവശ്യമായ കാലതാമസം ഒഴിവാക്കാനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാനും സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കർമ്മസമിതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കർമ്മ സമിതിയുടെ പ്രവർത്തനം കൊണ്ട് പദ്ധതികൾക്ക് കാലവിളംബം കൂടാതെ ഭരണാനുമതി നൽകുന്നതിനും അതിലൂടെ പദ്ധതി നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത ചിട്ടിക്കമ്പനികൾ

119 (1705) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചിട്ടി കമ്പനികൾ നടത്തുന്ന ധനകാര്യ സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര ചിട്ടി കമ്പനികൾ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കുമോ ;

(സി) ചിട്ടിത്തുക കൈപ്പറ്റുന്നതിന് ഇടപാടുകാർക്കുണ്ടാകുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അന്വേഷണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ചിട്ടി കമ്പനികൾ നടത്തുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളാ ചിട്ടി ആക്ട് 1975 പ്രകാരം രജിസ്റ്റർ ചെയ്യുന്ന ചിട്ടികളുടെ നടത്തിപ്പിന് പരിശോധന നടത്തുവാൻ എല്ലാ ജില്ലകളിലും ചിട്ടി ആഡിറ്റർമാരെയും ചിട്ടി ഇൻസ്പെക്ടർമാരെയും സംസ്ഥാന തലത്തിൽ ഒരു ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടറേയും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.യുടെ നേതൃത്വത്തിൽ 313 ചിട്ടി കമ്പനികളും സഹകരണ സ്ഥാപനങ്ങൾ മുഖേന 33 ചിട്ടി കമ്പനികളും 153 സ്വകാര്യകമ്പനികൾ ഉൾപ്പെടെ ആകെ 499 ചിട്ടി കമ്പനികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. അന്വേഷണങ്ങൾ നടത്തി ഉചിതമായ നടപടികൾ എടുത്തിട്ടുണ്ട്.

ലോട്ടറി തൊഴിലാളികളെ സഹായിക്കാൻ നടപടി

120 (1706) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ നേരിടുന്ന തൊഴിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ലോട്ടറി തൊഴിലാളികളെ സഹായിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly